പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 952 **14-10-2026-ൽ മറുപടിയ്ക്ക്**

കൂട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കിഫ്ബി Tranche 24-WRD-025-29 കോഡ് ആയി തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച 'കൂട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം' എന്ന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കൂട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകൾക്കായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് 25.06.2019-ൽ ₹289.54 കോടി രൂപയുടെയും 23.11.2023-ൽ പുതുക്കിയ ₹385.013 കോടി രൂപയുടെയും ഫണ്ടിംഗ് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി 9 പാക്കേജുകളായി നടപ്പിലാക്കിവരുന്നു.

പാക്കേജ് 1: പമ്പാനദിയെ സ്രോതസ്സാക്കി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 MLD ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം 60% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 2027 മാർച്ച് മാസത്തോടെ പൂർത്തീകരണം പ്രതീക്ഷിക്കുന്നു.

പാക്കേജ് 2: എടത്വ, തലവടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികൾ (യഥാക്രമം 11 ലക്ഷം, 8 ലക്ഷം ലിറ്റർ), 8.5 കി.മീ. ട്രാൻസ്മിഷൻ മെയിൻ, നിലവിലെ ജലസംഭരണികളുടെ നവീകരണം എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജലസംഭരണികളുടെ പൈലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. അമ്പലപ്പുഴ-തിരുവല്ല റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. 28.12.2026 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 3A: നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽനിന്ന് ഒൻപത് പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്ന പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണത്തിന് ആറുതവണ ടെൻഡർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി നടപടികൾ പുരോഗമിക്കുകയാണ്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഫണ്ടിംഗ് അനുമതി ലഭിക്കുന്ന ടെൻഡർ നടപടികൾ സ്വീകരിക്കും.

പാക്കേജ് 3B: ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ കെ.എസ്.ടി.പി. പ്രവൃത്തികളുടെ ഭാഗമായി ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്നതിന് ₹21.8 കോടി കെ.എസ്.ടി.പി.ക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 4: എടത്വ, വീയപുരം, തലവടി, തകഴി പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖലയും തകഴിയിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും സ്ഥാപിക്കുന്ന പ്രവൃത്തി 35% പൂർത്തിയായി. പൈപ്പ് സ്ഥാപിക്കലും ജലസംഭരണിയുടെ പൈലിംഗ് പ്രവൃത്തികളും പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 11.12.2026 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 5: മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 30% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 16.03.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 6: പുളിങ്കുന്ന്, കാവാലം പാക്കേജ് പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 35% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 27.01.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 7: രാമങ്കരി, ചമ്പക്കുളം പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 30% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 16.03.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 8: കൈനകരി, നെടുമുടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 20% പൂർത്തിയായി. പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ ജലസംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 15.02.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 9: വീയപുരം പഞ്ചായത്തിൽ 4.75 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെയും എടത്വയിലെ ഓഫീസ് കെട്ടിടത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം ഉൾപ്പെടുന്നു. കരാറുകാരന് പ്രവർത്തി ഉത്തരവ് നൽകി നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവിക്കുന്ന കുട്ടനാടൻ ജനതയ്ക്ക് ആശ്വാസമാകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഇനി എന്തെല്ലാം നടപടിയാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ?

<u>മറുപടി:</u> കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകൾക്കായി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് 25.06.2019-ൽ ₹289.54 കോടി രൂപയുടെയും 23.11.2023-ൽ പുതുക്കിയ ₹385.013 കോടി രൂപയുടെയും ഫണ്ടിംഗ് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി 9 പാക്കേജുകളായി നടപ്പിലാക്കിവരുന്നു.

പാക്കേജ് 1: പമ്പാനദിയെ സ്രോതസ്സാക്കി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 MLD ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണം 60% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. 2027 മാർച്ച് മാസത്തോടെ പൂർത്തീകരണം പ്രതീക്ഷിക്കുന്നു.

പാക്കേജ് 2: എടത്വ, തലവടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികൾ (യഥാക്രമം 11 ലക്ഷം, 8 ലക്ഷം ലിറ്റർ), 8.5 കി.മീ. ട്രാൻസ്മിഷൻ മെയിൻ, നിലവിലെ ജലസംഭരണികളുടെ നവീകരണം എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജലസംഭരണികളുടെ പൈലിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു. അമ്പലപ്പുഴ-തിരുവല്ല റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. 28.12.2026 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 3A: നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽനിന്ന് ഒൻപത് പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്ന പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണത്തിന് ആറുതവണ ടെൻഡർ ക്ഷണിച്ചിട്ടും കരാറുകാർ ഏറ്റെടുത്തില്ല. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി നടപടികൾ പുരോഗമിക്കുകയാണ്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഫണ്ടിംഗ് അനുമതി ലഭിക്കുന്ന ടെൻഡർ നടപടികൾ സ്വീകരിക്കും.

പാക്കേജ് 3B: ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിലെ കെ.എസ്.ടി.പി. പ്രവൃത്തികളുടെ ഭാഗമായി ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുന്നതിന് ₹21.8 കോടി കെ.എസ്.ടി.പി.ക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് 4: എടത്വ, വീയപുരം, തലവടി, തകഴി പഞ്ചായത്തുകളിലെ ജലവിതരണ ശൃംഖലയും തകഴിയിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും സ്ഥാപിക്കുന്ന പ്രവൃത്തി 35% പൂർത്തിയായി. പൈപ്പ് സ്ഥാപിക്കലും ജലസംഭരണിയുടെ പൈലിംഗ് പ്രവൃത്തികളും പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 11.12.2026 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 5: മുട്ടാർ, വെളിയനാട്, നീലംപേരൂർ പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 30% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 16.03.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 6: പുളിങ്കുന്ന്, കാവാലം പാക്കേജ് പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 35% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 27.01.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 7: രാമങ്കരി,ചമ്പക്കുളം പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 30% പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 16.03.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 8: കൈനകരി, നെടുമുടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണികളുടെയും ജലവിതരണ ശൃംഖലയുടെയും നിർമ്മാണം 20% പൂർത്തിയായി. പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ ജലസംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. 15.02.2027 ആണ് പൂർത്തീകരണ കാലാവധി.

പാക്കേജ് 9: വീയപുരം പഞ്ചായത്തിൽ 4.75 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെയും എടത്വയിലെ ഓഫീസ് കെട്ടിടത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും

നിർമ്മാണം ഉൾപ്പെടുന്നു. കരാറുകാരന് പ്രവർത്തി ഉത്തരവ് നൽകി നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ